കേരള സർക്കാർ

# പൂത്തൃക്ക ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

നം.കെ.എസ്.എ.ഇകെഎം(പി1)008/2020

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 10.03.2020

പ്രസിഡന്റ് ,
പൂതൃക്ക ഗ്രാമ പഞ്ചായത്ത് (സെക്രട്ടറി മുഖേന)

സർ,

വിഷയം : പൂതൃക്ക ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

.

നം കെ.എസ്.എ.ഇ.കെ.എം (പി.1) /008/2020 തീയതി: 10.03.2020

## എറണാകുളം ജില്ലയിലെ പൂത്തൃക്ക ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പൂത്തൃക്ക ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചും എക്സിറ്റ് മീറ്റിംഗിലെ ചർച്ചകൾക്കും ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ വിനോദ് കെ.കെ ഡെപ്യൂട്ടിഡയറക്ടർ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ തീയതി : | 09.12.2019 മുതൽ 19.12.2019 വരെ |

.

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീമതി റസിയാബീവി ജെ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ വിനീത് ആർ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ വിജു എം.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ അനീഷ് ആർ | ഓഡിറ്റർ |

.

(ബി) നിർവ്വഹണാധികാരികൾ

:

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡൻറ് | ശ്രീമതി ഷിജിമോൾ അജയകുമാർ | 01.04.18 | 31.03.19 |
| വൈസ് പ്രസിഡന്റ് | ശ്രീ വിജു നത്തുംമോളത്ത് | 1.04.2018 | 31.03.2019 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീമതി നീമ.കെ.സാജു | 01.04.2018 | 31.03.2019 |
| ക്ഷേമകാര്യം | ശ്രീ പോൾ വെട്ടിക്കാടൻ | 01.04.2018 | 31.03.2019 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി സാലി ബേബി | 01.04.2018 | 31.03.2019 |

.

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ ദീപു ദിവാകരൻ | 01.04.18 | 31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ അജിത്കുമാർ കെ എസ് | 01.04.18 | 16.11.2018 |
| | ശ്രീ സാജിത് ഹുസൈൻ | 17.11.18 | 31.03.2019 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി ലേഖ കെ കെ | 01.04.18 | 31.03.19 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. അനീഷ്ബേബി | 01.04.18 | 04.07.2018 |
| | ഡോ.മാത്യു പോൾ | 05.07.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. വന്ദന ഗോപാലകൃഷ്ണൻ | 01.04.2018 | 31.3.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ശ്രീദേവി എ എസ് | 01.04.18 | 31.03.19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ / ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പൂത്തൃക്ക) | ശ്രീ രാജേഷ്.റ്റി | 01.04.2018 | 19.09.2018 |
| | ശ്രീമതി സുജാത വി.എൻ | 20.09.18 | 31.03.19 |
| ലേഡി വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (വടയമ്പാടി) | ശ്രീമതി മഞ്ജൂഷ.കെ.എസ് | 01.04.18 | 31.03.19 |
| വില്ലേജ്എക്സ്റ്റൻഷൻ | ശ്രീ റിതോഷ് പ്രകാശ് വി | 01.04.18 | 31.03.19 |

| | | | |
|---|---|---|---|
| ഓഫീസർ (തമ്മാനിമറ്റം) | | | |
| ഹെഡ് മാസ്റ്റർ/ഹെഡ് മിസ്ട്രസ് GLPS | ശ്രീ സി വി മധുസൂദനൻ | 01.04.2018 | 31.03.19 |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.എൻ കെ ഷാജു | 01.04.2018 | 14.01.2019 |
| | ഡോ.ആഷാ പോൾ | 15.01.2019 | 31.03.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ദിനേശ് റ്റി എം | 01.04.2018 | 19.06.2018 |
| | ശ്രീ.ജോസ്.എം.പി | 20.06.2018 | 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജയ കെ.ആർ | 01.04.18 | 31.03.2019 |

ഉള്ളടക്കം

.


| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം. | 1-5 | |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 | |
| 7 | ക്ഷേമപദ്ധതികൾ | 1-7 | |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 | |
| 12 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത് | 1-12 | |
| 13 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 1-13 | |
| 14 | എഫ്.എ.ആർ. – അധിക നിരക്ക് ഈടാക്കിയില്ല | 1-14 | |
| 15 | ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കിയില്ല. | 1-15 | |
| 16 | വെള്ളക്കരം കുടിശ്ശിക-ക്രമാതീതമായി വർദ്ധിക്കുന്നു | 1-16 | |
| 17 | അങ്കണവാടികളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. | 1-17 | |
| 18 | പേ വിഷ നിയന്ത്രണം-. അപാകതകൾ | 1-18 | |

| | | | |
|---|---|---|---|
| 19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-19 | |
| 20 | വനിതാ നൈപുണ്യ സംരംഭകത്വകേന്ദ്രം അപാകതകൾ | 1-20 | |
| 21 | ഭിന്നശേഷിക്കാരുടെ വിവരങ്ങൾ- രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-21 | |
| 22 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ ഫയലിൽ ലഭ്യമല്ല. | 1-22 | |
| 23 | ലൈഫ് ഭവന പദ്ധതി ഫേസ് 2- പൂർത്തീകരിച്ചിട്ടില്ല. | 1-23 | |
| 24 | നൂതന പ്രോജക്ടുകൾ | 1-24 | |
| | ഭാഗം 2 | 1-19 | |
| 25 | എഫ്.എ.ആർ. അധികനിരക്ക് ഈടാക്കിയില്ല | 2-1 | |
| | ഭാഗം 3 | | |
| 26 | കിടാരി വിതരണം. അപാകതകൾ | 3-1 | |
| | ഭാഗം 4 | | |
| 27 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 | |
| 29 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 | |
| 31 | വായ്പ /വായ്പ തിരിച്ചടവ് | 4-5 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-6 | |
| 33 | ഓഡിറ്റ് റിക്കവറി | 4-7 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 | |
| 35 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| 39 | ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.2 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

17.03.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 05.03.2019 തിയതിയിലെ രണ്ടാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 17.04.2019 |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 10056788 |
| വരവ് | 91455591 |
| ആകെ | 101512379 |
| ചെലവ് | 85754895 |
| നീക്കിയിരിപ്പ് | 15757484 |

.

# 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ക്രമ നം. | ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 0 | 11919089 | 11919089 | 11837912 | - | 81177 |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 0 | 18602089 | 18602089 | 6146962 | - | 12455127 |
| 3 | വികസനഫണ്ട് (ടി.എസ്.പി) | 0 | 458000 | 458000 | 458000 | - | 0 |
| 4 | മെയിന്റനൻസ് (റോഡ്) | 0 | 26491000 | 26491000 | 25900809 | - | 590191 |
| 5 | മെയിന്റനൻസ് (റോഡിതരം) | 0 | 2780000 | 2780000 | 2780000 | - | 0 |
| 6 | സെൻട്രൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7099193 | 7099193 | 5358839 | - | 1740354 |
| 7 | കെ എൽ എസ് ജി ഡി പി | | 0 | 0 | 0 | - | 0 |
| 8 | സാക്ഷരതാ ഫണ്ട് | 42159 | 1859 | 44018 | 364 | 43654 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | എൻ.ആർ.ഇ.ജി.എസ് | 9463 | 248594 | 258057 | 224500 | 33557 | |
| 10 | ട്രഷറി ടി എസ് ബി (ജോയിന്റ് വെഞ്ചർ) | (625000) | 4815000 | 4190000 | 4190000 | - | |
| 11 | ബി ഫണ്ട് | 0 | 31003900 | 31003900 | 31003900 | - | |
| 12 | തനത് ഫണ്ട് | 10645570 | 19406497 | 30052067 | 16485341 | 13566726 | |
| 13 | തനത് ഫണ്ട് (മണൽ) | 186495 | 6613 | 193108 | 0 | 193108 | |
| 14 | ട്രഷറി ടി എസ് ബി | (370086) | 16430135 | 16060049 | 14309304 | 1750745 | |
| 15 | ദുരിതാശ്വാസ നിധി | 2750 | 98 | 2848 | -- | 2848 | |

# 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 260 | 131878753 | 142 | 66978636 | 96 | 22 | 54.62 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9463 | 248594 | 258057 | 224500 | 33557 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 10301484 | 10301484 | 10301484 | |
| ആകെ | 9463 | 10550078 | 10559541 | 10525984 | 33557 |

# 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34200 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 5734400 | 196 |
| വിധവാപെൻഷൻ | 8253700 | 433 |
| വാർദ്ധക്യകാല പെൻഷൻ | 13828900 | 990 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2520700 | 93 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 542000 | 30 |
| വിവാഹധനസഹായം | 90000 | 3 |

# 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29384/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

<u>തനത് വരുമാനം</u>

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ 2017-18 വർഷത്തെ അപേക്ഷിച്ച് 37% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നികുതികളുടേയും, ഫീസുകളുടേയും പിരിവിലുള്ള വർദ്ധനവ് അഭിനന്ദനാർഹമാണ്.

<u>രജിസ്റ്ററുകളുടേയും, ഫയലുകളുടേയും സൂക്ഷിപ്പ്</u>

രജിസ്റ്ററുകളും, ഫയലുകളും കാലികമായും, ക്രമമായും സൂക്ഷിച്ചിട്ടുണ്ട്.

<u>ലൈസൻസ്</u>

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നെങ്കിലും 2018-19ലേക്കുള്ള ലൈസൻസ് നൽകിയിട്ടുള്ളത് മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരമല്ല.

<u>മോണിറ്ററിംങ്.</u>

പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ വ്യക്തമായ മോണിറ്ററിംങ് വർക്കിംങ് ഗ്രൂപ്പുകൾ നടത്തുന്നില്ല. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിറ്ററിംങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തേയും നിർവ്വഹണ ഉദ്യോഗസ്ഥനേയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിറ്ററിംങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നുവെന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിറ്ററിംങ്. മോണിറ്ററിംങ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിംങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ നഗരസഭ നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിറ്ററിംങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന് ഒരു സ്റ്റേറ്റ്മെന്റിൽ മോണിറ്ററിംങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു.

പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് മോണിറ്ററിംങ് സമിതികൾ വിലയിരുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2019 | 01.10.2019 മുതൽ 30.10.19 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.06.2009 | 2004-05 മുതൽ 2008-09 വരെ | 20.7.2009 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ചിരിക്കുന്ന ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചു

ഓഡിറ്റ് എൻക്വയറി നം. 08/17.12.19 തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്.

| ഇനം | തിരിച്ചടച്ച തുക | ചലാൻ / രസീത് നമ്പർ/തിയതി |
|---|---|---|
| തൊഴിൽനികുതി | 150 | 119030104058/17.12.19 |
| | 270 | 21/48116/18.12.19 |
| | 276 | 119030104080/1912/19 |
| | 250 | 20/48116/18.12.19 |
| | 150 | 119030104066/18.12.19 |
| | 60 | 23/48116//18.12.19 |
| | 600 | 22/48116/18.12.19 |
| | 650 | 119030104081/19.12.19 |
| ആകെ | 2406 | |

## 1-13 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു

അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ലൈസൻസ് നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഗ്രിഗറിടെക് | 11 | 9 |
| 2 | സാജ് ഇൻറർനാഷണൽ | 33 | 10 |
| 3 | ലൗഡൻസ് ഗാർഡൻ | 34 | 17 |
| 4 | സൺലൈറ്റ് ലൈറ്റിംഗ് ഇൻഡ്യ പ്രൈ. ലി. | 35 | 3 |
| 5 | കാവേരി പ്ലാസ്റ്റിക്സ് പ്രൈ. ലി. | 40 | 9 |
| 6 | കെപിപി ഇൻഡസ്ട്രി | 44 | 15 |
| 7 | ക്ലാസിക് സിമന്റ് ഇൻഡസ്ട്രീസ് | 46 | 8 |
| 8 | ടെക്നോ പൊളീമർ കമ്പോണന്റ്സ് & ഇൻഡസ്ട്രീസ് പ്രൈ. ലി. | 50 | 12 |
| 9 | സുപ്രീം ക്ലീനർ പ്രൈ. ലി. | 54 | 20 |
| 10 | ശ്രീനാരായണ ഇൻഡസ്ട്രീസ് | 100 | 9 |
| 11 | ആരോൺസ് തമ്മാനിമറ്റം | 103 | 9 |
| 12 | പികെഎം ഫൈൻ ഫുഡ്സ് & സ്പൈസസ് പ്രൈ. ലി. | 152 | 18 |
| 13 | ഈസി ഫ്ലെയിംസ് | 200 | 18 |
| 14 | ആരോൺസ് പെയിന്റ്സ് | 331 | 12 |

മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 14/18.12.19) മറുപടി ലഭിച്ചില്ല. ആയതിനാൽ, പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 എഫ്എആർ അധികനിരക്ക് ഈടാക്കിയില്ല

ഡോ. വർഗീസ് കെ പൗലോസ് (ചെന്നക്കാട്ട് കലങ്കമാരി, കടയിരുപ്പ്) എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 19/20-3 സർവെ നമ്പർ (ഐക്കരനാട് സൗത്ത് വില്ലേജ്) സ്ഥലത്ത് 2475.73 ച.മീ. വിസ്തൃതിയുള്ള വാണിജ്യ കെട്ടിടം (വിനിയോഗഗണം F) നിർമ്മിക്കുന്നതിന് A2-3040/14, തീ. 25.10.14 നമ്പർ പ്രകാരം പെർമിറ്റ് നൽകിയിരുന്നു. നിർമ്മാണം പൂർത്തിയാക്കി, 22.12. 2017ന്

കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിരുന്നു. ഫയർ & റസ്ക്യൂ വകുപ്പിൽ നിന്ന് ഡി1-5387//18, തീ. 18.07.18 പ്രകാരം ഫയർ എൻഒസി ലഭിക്കുകയും പെർമിറ്റിന്റെ സാധുത കാലയളവ് കഴിഞ്ഞതിനാൽ 24758/- രൂപ (രസീത് നം. 118030101467 തി. 31.07.18) ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കി 02.08.18ന് കെട്ടിടത്തിന് നമ്പറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ കെട്ടിടം ക്രമവത്കരിച്ച് നൽകിയപ്പോൾ അധിക എഫ്എആറിന് ഈടാക്കേണ്ടിയിരുന്ന 1167000/- രൂപ ഈടാക്കിയില്ല. ആയത് ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ ഖണ്ഡിക 2-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-15 ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കിയില്ല

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നിട്ടുണ്ട്. ഇതിൻ പ്രകാരം ചട്ടം 10ലെ പട്ടിക II പ്രകാരം ലൈസൻസ് ഫീസ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്തിയിരുന്നത് മാറ്റി സ്ഥാപനങ്ങളെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് പുതുക്കിയിട്ടുണ്ട്. എന്നാൽ, 2018-19 ലൈസൻസ് രജിസ്റ്ററും അപേക്ഷകളും ഫയലുകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം പരിശോധിച്ച് ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ റിപ്പോർട്ട് ആയതിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 15/18.12.19) ഫയലിൽ പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ലെങ്കിലും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ചട്ട പ്രകാരമുള്ള ഫീസ് തന്നെയാണ് എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, ലൈസൻസിനുള്ള അപേക്ഷ ഏതൊരു സാമ്പത്തികവർഷവും അവസാനിക്കുന്നതിന് മുമ്പായി 30 ദിവസത്തിനുള്ളിൽ ഭരണസമിതി നിശ്ചയിച്ച ഫീസ് ഉൾപ്പെടെ സമർപ്പിക്കേണ്ടതും, ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ ഗ്രാമപഞ്ചായത്ത് പരമാവധി 30 ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ് (ചട്ടം 12(3), എന്നിരിക്കെ മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക II ന് വിധേയമായി പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം (തീരുമാനം2/1) എടുത്തിട്ടുള്ളത് 01.06.2019ൽ മാത്രമാണ്. ആയതിനാൽ, മറുപടി അംഗീകരിക്കുന്നില്ല. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപെട്ട ജനങ്ങളുടെ ജീവനോ, ആരോഗ്യത്തിനോ അപകടകരമോ, അസഹ്യമോ ആയേക്കാവുന്ന വ്യവസായങ്ങളെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങളും, നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-16 വെള്ളക്കരം കുടിശ്ശിക-ക്രമാതീതമായി

# വർദ്ധിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ മാർച്ച് മാസത്തെ വെള്ളക്കരക്കുടിശ്ശിക കേരള സംസ്ഥാന വാട്ടർ അതോറിറ്റിയുടെ 12.03.2019 ലെ ബിൽ നം 33166 പ്രകാരം 59,52,981/- രൂപയാണ്. 158375/- രൂപയാണ് പഞ്ചായത്തിന്റെ പൊതുടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം. ഇത് പഞ്ചായത്ത് കൃത്യമായി അടവാക്കുന്നുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ അടവാക്കാതിരുന്ന ഏതോ ബില്ലിന്റെ തുകയും അതിന്റെ മാസം തോറുമുള്ള പിഴപ്പലിശയുമാണ് വെള്ളക്കരക്കുടിശ്ശിക ഇത്രയും ഭീമമായ തുകയായി വർദ്ധിപ്പിച്ചിട്ടുള്ളത്. വെള്ളക്കരക്കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ആവശ്യപ്പെട്ട് 12.12.2019 ൽ നല്കിയ 4 ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് വസ്തു നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയും വാട്ടർചാർജിനത്തിൽ പഞ്ചായത്ത് നൽകേണ്ട തുകയും പരസ്പരം തട്ടിക്കിഴിച്ച് ഉത്തരവാകുന്നതിന് ബഹു സംസ്ഥാന സർക്കാരിനോട് അപേക്ഷിച്ച് 01.06.2019 ൽ 16 ാം നമ്പർ കമ്മറ്റിത്തീരുമാനം എടുത്തിട്ടുണ്ടെന്നും ആയതിന്റെ റിപ്പോർട്ട് ബഹു ജലവിഭവവകുപ്പ് മന്ത്രിക്കും ബഹു പ്രിൻസിപ്പൽ സെക്രട്ടറിക്കും നല്കിയിട്ടുണ്ടെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 20.11.2019 ലെ 375/എഫ്.എം3/2019 ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ, അതത് തദ്ദേശ സ്ഥാപന സെക്രട്ടറിയും അതത് പ്രദേശങ്ങളിലെ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തതിന് ശേഷമേ തീരുമാനം എടുക്കുവെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ താല്പര്യപ്പെടുന്നു.

# 1-17 അങ്കണവാടികളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിൽ ആകെ 21 അങ്കണവാടികൾ പ്രവർത്തിക്കുന്നു.ഇവയിൽ 19എണ്ണം സ്വന്തം കെട്ടിടത്തിലും 2 എണ്ണം വാടകകെട്ടിടത്തിലും 1 എണ്ണം സ്കൂൾ കെട്ടിടത്തിലും പ്രവർത്തിക്കുന്നു. ഇവയുടെ 2018-19 വർഷത്തെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 10/16.12.2019) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അങ്കണവാടികളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-18 പേവിഷ നിയന്ത്രണം-. അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം ,പേര് | എസ് 0120/18-19 പേ വിഷ നിയന്ത്രണം. |
| ബിൽ നം, തീയതി, തുക | 02/18-19. 11.01.2019,15000/-<br>തനത് ഫണ്ട് 7500/- ചെക്ക് നം 0202042/11.01.19<br>തനത് ഫണ്ട് 1545/- ചെക്ക് നം 2623908/29.12.18 |
| അടങ്കൽ, ചെലവ് | അടങ്കൽ: (വികസന ഫണ്ട്) 15000/-, തനത് ഫണ്ട്- 9045/-<br>ചെലവ് -15000/-<br>തനത് ഫണ്ട് (ചെലവ്)- 9045, |
| | |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

മേൽ പ്രോജക്ടിന്റെ പരമമായ ലക്ഷ്യം പേ വിഷ നിയന്ത്രണത്തിനായി വാക്സിനേഷൻ നടത്തുകയെന്നതാണ്. എന്നാൽ ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത് ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവുകൾ മാത്രമാണ്. എത്ര നായകൾക്ക് വാക്സിനേഷൻ നല്കിയെന്നും, എത്ര നായകൾക്ക് സർട്ടിഫിക്കറ്റ് നല്കിയെന്നും, ആയതിന്റെ ഫീസിനത്തിൽ മൃഗാശുപത്രിയിൽ എത്ര രൂപ ലഭിച്ചെന്നുമുള്ള വിവരം അടിയന്തരമായി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 12.12.2019 ൽ നല്കിയ 20ം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പ്രോജക്ട് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 24045/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-19 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

1. ഐ.കെ.എം വിഹിതം നല്കൽ

| | |
|---|---|
| പ്രോജക്ട് നം. | S002/19 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം വിഹിതം നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 60230/- |
| ചെലവ് | 60230(8/18-19/28.7.2018 |

2. എസ്.എസ്. എ വിഹിതം നല്കൽ

| | |
|---|---|
| പ്രോജക്ട് നം. | 1) 97/19<br>2) 355/19 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്. എ. വിഹിതം നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ. എൽ.പി.എസ്. |
| അടങ്കൽ | 1011606/- |
| ചെലവ് | 1. 793060(1/18-19/30.7.18)<br>2. 218546(6/18-19/19.3.19) |

3, സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ

| | |
|---|---|
| പ്രോജക്ട് നം. | 109/19 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് വിവരം | 1) 50000, ബിൽ നം. 28/18-19/18.3.19 (വികസന ഫണ്ട്)<br>2) 114051, ബിൽ നം. 29/18-19/26.3.19<br>ധനകാര്യ കമ്മീഷൻ അവാർഡ്) |

| | |
|---|---|
| | 3) 62552, ചെക്ക് നം. 26400544/30.10.18<br>4) 62198 ചെക്ക് നം. 26400533//30.10.18<br>(തനത് ഫണ്ട്) |
| ആകെ | 414051/- |

ടി പ്രോജക്ട് പ്രകാരം 414051/- രൂപ കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 7/12.12.2019) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മേൽ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

4. അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽപ്പെടുത്തി കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് നല്കിയിട്ടുണ്ട്. ഡെപ്പോസിറ്റായി നല്കിയ തുകകളുടെ ചെലവുവിവരവും വിനിയോഗ സാക്ഷ്യപത്രങ്ങളും ഓഡിറ്റ് എൻക്വയറി (നമ്പർ 17, തീയതി 19.12.2019) മുഖേന ആവശ്യപ്പെട്ടപ്പോൾ അസി. എഞ്ചിനീയർ മറുപടി നല്കിയത് പ്രസ്തുത വിനിയോഗ സാക്ഷ്യപത്രങ്ങൾ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ല എന്നാണ്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ മുൻകൂർ നല്കിയ 481000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഡെപ്പോസിറ്റ് തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പരും പേരും | മുൻകൂർ നല്കിയ തുക | ബിൽ നമ്പർ, തീയതി. |
|---|---|---|
| എസ്- 212/19, കൊട്ടൂർ ഒമ്പലപ്പാടം കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ | 176000 | 66/18-19, 29.01.2019 |
| എസ്- 66/19, നമ്പൂതിരി റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 135000 | 66/18-19, 29.01.2019 |
| എസ്- 242/19, ഇലിയത്ത്കുടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 170000 | 72/18-19, 31.01.2019 |
| ആകെ | 481000 | |

# 1-20 വനിതാ നൈപുണ്യ സംരംഭകത്വകേന്ദ്രം അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം ,പേര് | എസ് 337/18-19 വനിതകൾക്ക് നൈപുണ്യസംരംഭകത്വ കേന്ദ്രം |
| ബിൽ നം, തീയതി, തുക | 03/18-19. 30.03.2019, 76889/-(വികസന ഫണ്ട്) |
| അടങ്കൽ, ചെലവ് | 340000/-, 76889/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വടയമ്പാടി |

വനിതാ ഗ്രൂപ്പുമായി നിർവ്വഹണോദ്യോഗസ്ഥ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കുവാനും, നിലവിൽ ഈ ഗ്രൂപ്പിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുവാനും, വനിതാ നൈപുണ്യസംരംഭകത്വ കേന്ദ്രം ആരംഭിച്ചിട്ടുണ്ടെങ്കിൽ പഞ്ചായത്തിൽ നിന്ന് എടുത്തിട്ടുള്ള ലൈസൻസിന്റെ പകർപ്പ് ഓഡിറ്റിനായി ഹാജരാക്കുവാനും, വനിതാ ഗ്രൂപ്പിന്റെ പേരും, ഈ ഗ്രൂപ്പ് രജിസ്ട്രേഷൻ നടത്തിയതിന്റെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുവാനും, പഞ്ചായത്തിന്റെ കീഴിൽ സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിനായി നൈപുണി പരിശീലനം നേടിയ എത്ര ഗ്രൂപ്പുകൾ അപേക്ഷ നല്കിയിട്ടുണ്ടെന്നും ഇതിൽ ഗ്രേഡിംങിൽ വിജയിച്ച ഗ്രൂപ്പിനാണോ പ്രോജക്ട് പ്രകാരം തുക അനുവദിച്ചതെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കുവാനും, ആയതിനും വിശദീകരണം നല്കുവാനും ആവശ്യപ്പെട്ട് കൊണ്ട് 16.12.2019 ൽ നല്കിയ 12ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വനിതകൾക്ക് നൈപുണ്യകേന്ദ്രം തുറക്കുക എന്ന ലക്ഷ്യത്തോടെയാണെന്നും, വനിതകൾക്ക് കുടുംബശ്രീയുമായി സഹകരിച്ച് തയ്യൽ പരിശീലനം നല്കുന്നതിനും വേണ്ടിയാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളതുമെന്നാണ് മറുപടി നല്കിയത്. എങ്കിലും, മേൽ പ്രോജക്ട് ഇതുവരെ പൂർത്തീകരിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മേൽ വിവരിച്ച പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകളും, പ്രോജക്ടിന്റെ പൂർത്തീകരണം സംബന്ധിച്ചുള്ള വിവരവും അടിയന്തരമായി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഭിന്നശേഷിക്കാരുടെ വിവരങ്ങൾ- രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

17.08.16ലെ 2465/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 11/16.12.2019) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ ഉത്തരവ് പ്രകാരമുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുകയും ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-22 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ ഫയലിൽ ലഭ്യമല്ല.

2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ടെണ്ടർ രേഖകൾ, കരാറുകാർ സമർപ്പിച്ച ബിഡുകൾ, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവ ഉള്ളടക്കം ചെയ്തിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ -17, തീയതി. 19.12.2019) നല്കിയതിന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് ഷിഫ്റ്റ് ചെയ്യുന്ന സമയത്ത് മേൽപ്പറഞ്ഞ രേഖകൾ നഷ്ടമായതാണെന്ന് കരുതുന്നുവെന്നും ഇവ കണ്ടെത്തി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നുമാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ ഈ പ്രവൃത്തികളുടെ ചെലവുതുക 1455307/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പരും പേരും | അളവു പുസ്തക | ഫൈനൽ | ബിൽ ചെക്ക് നമ്പർ, |
|---|---|---|---|
| | | | |

| | ത്തിന്റെ നമ്പർ | ബിൽ തുക | തീയതി. |
|---|---|---|---|
| എസ്- 245/19, മലേക്കുരിശ് മിച്ചഭൂമി കോളനി റോഡ് റീടാറിംഗ്, സംരക്ഷണ ഭിത്തി | 26/ 17-18, 50/ 17-18 | 666842/- | 38124/- രൂപ 42/18-19, 19.09.2018 628718/- രൂപ 01/18-19, 23.05.2018 |
| എസ്- 285/19, കീരിക്കാട്ടിത്താഴം ഈച്ചരം കുന്നേൽ ലക്ഷം വീട് കോളനി റോഡ് റീടാറിംഗ് | 64/ 17-18 | 441378/- | 441378/- രൂപ 50/18-19, 24.10.2018 |
| എസ്- 319/19, വട്ടേക്കാട് ഡ്രിങ്കിങ്ങ് വാട്ടർ സ്കീം പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 39/ 18-19 | 347087/- | 347087/- രൂപ 49/18-19, 24.10.2018 |

## 1-23 ലൈഫ് ഭവന പദ്ധതി ഫേസ് 2- പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം ,പേര് | എസ് 81/18-19 ലൈഫ് ഭവന പദ്ധതി-ഭൂമിയുള്ള ഭവന രഹിതർക്ക് ധനസഹായം |
| ബിൽ നം, തീയതി, തുക | 01/18-19. 23.05.2018, 40000/- (വികസന ഫണ്ട്)<br>02,/18-19. 30.05.2018, 120000/(വികസന ഫണ്ട്)<br>03/18-19. 30.06.2018, 240000/ (വികസന ഫണ്ട്)<br>04,05,06/18-19. 13.07.2018, 240000/-(വികസനഫണ്ട്)<br>07/18-19. 23.07.2018, 480000/-(വികസന ഫണ്ട്)<br>08/18-19. 28.07.2018, 80000/-(വികസന ഫണ്ട്)<br>09,10/18-19. 20.07.2018, 78621/-(വികസന ഫണ്ട്)<br>11/18-19. 23.08.2018, 480000/-(വികസന ഫണ്ട്)<br>15/18-19. 08.09.2018, 320000/-(വികസന ഫണ്ട്)<br>19/18-19,15.10.2018.161379/-(വികസന ഫണ്ട്)<br>25,26/18-19,15.11.2018,177412/-(വികസന ഫണ്ട്)<br>തനത് ഫണ്ട് 2503987/- |
| അടങ്കൽ, ചെലവ് | 7440000/-, 4921399/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വടയമ്പാടി |

മേൽ പ്രോജക്റ്റ് പ്രകാരം ജനറൽ വിഭാഗത്തിൽപ്പെട്ട 16 ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതി-ഭൂമിയുള്ള ഭവന രഹിതർക്ക് ധനസഹായം നല്കിയിട്ടുണ്ട്. അതിൽ താഴെച്ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ ഭവനത്തിന്റെ പണി പൂർത്തികരിച്ചിട്ടില്ല.

| ക്രമനം | ഗുണഭോക്താവിന്റെ | നൽകിയ | നൽകാനുള്ള | നിലവിലുള്ള |
|---|---|---|---|---|

| | മേൽവിലാസം | തുക | തുക | അവസ്ഥ |
|---|---|---|---|---|
| 1 | ശ്രീമതി.സരോജിനി കുമാരൻ നെടിയാനിക്കൽ, വടയമ്പാടി വാർഡ് 12 | 300000/- | 100000/- | മേൽക്കൂര വാർത്തു |
| 2 | ശ്രീ മുരുകൻ മുത്തയ്യ ലക്ഷം വീട് കോളനി, മലേക്കുരിശ്, വാർഡ് 1 | 360000/- | 40000/- | മേൽക്കൂര വാർത്തു |
| 3 | ശ്രീ.ബിനോബി തോമസ് ഇടിയക്കുന്നേൽ, പുത്തൻക്കുരിശ്, വാർഡ് 14 | 300000/- | 100000/- | ലിന്റിൽ വരെ |
| 4 | ശ്രീ.സുരേഷ് കുമാർ നെടിച്ചിനാൽ, വാർഡ് 13 | 300000/- | 100000/- | മേൽക്കൂര വാർത്തു |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തികരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 16.12.2019 ൽ നല്കിയ 13ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ടി ഗുണഭോക്താക്കൾ അടിയന്തിരമായി ഭവന നിർമ്മാണം പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-24 നൂതന പ്രോജക്ടുകൾ

1. ജാഗ്രതാസമിതി -ജെൻഡർ റിസോഴ്സ് സെന്റർ

സ.ഉ.(എം.എസ്) നം. 80/17 തസ്വഭവ .തീ.3.4.2017 30.2 ക്രമ നം. 3 പ്രകാരം ജാഗ്രതാ സമിതി പ്രവർത്തനത്തിനും ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തനത്തിനും കൂടി കരാർ അടിസ്ഥാനത്തിൽ യോഗ്യതയുള്ള ഒരു വനിതയെ നിയോഗിക്കാവുന്നതാണ്. ഇതിന്റെ ചെലവ് ഈ പ്രോജക്ടിലൂടെ നടത്താവുന്നതുമാണ്. ഇതു പ്രകാരം പ്രോജക്ട് നം. എസ്.17/19 ആയി ജാഗ്രതാസമിതി -ജെൻഡർ റിസോഴ്സ് സെന്റർ എന്ന പേരിൽ ഒരു പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി നിശ്ചിത യോഗ്യതയുള്ള ഒരു വനിതാ കൗൺസിലറെ നിയോഗിക്കുകയും അവർ സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും അതുപോലെ തന്നെ അവബോധ ക്ലാസുകൾ എടുക്കുകയും കൗൺസിലിങ്ങ് നടത്തുകയും ചെയ്തിട്ടുണ്ട്. വളരെ നല്ല രീതിയിൽ നടപ്പിലാക്കിയ ഒരു നൂതന പ്രോജക്ടാണിത്.

2. ഹരിതഭവനം

സ.ഉ.(എം.എസ്) നം. 22/18 തസ്വഭവ .തീ.14.2.2018 6.1 ക്രമ നം. 20 പ്രകാരം ഹരിതഭവനം എന്ന പ്രോജക്ട് കൃഷി ഓഫീസർ നടപ്പിലാക്കിയിട്ടുണ്ട്. വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ജലവിഭവ സംരക്ഷണം, മാലിന്യസംസ്കരണം, തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പ്രോജക്ടാണിത്. വളരെ നല്ല രീതിയിൽ നടപ്പിലാക്കിയ ഒരു നൂതന പ്രോജക്ടാണിത്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 എഫ്എആർ അധികനിരക്ക് ഈടാക്കിയില്ല

ഡോ. വർഗീസ് കെ പൗലോസ് (ചെന്നക്കാട്ട് കലങ്കമാരി, കടയിരുപ്പ്) എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 19/20-3 സർവെ നമ്പർ (ഐക്കരനാട് സൗത്ത് വില്ലേജ്) സ്ഥലത്ത് 2475.73 ച.മീ. വിസ്തൃതിയുള്ള വാണിജ്യ കെട്ടിടം (വിനിയോഗഗണം F) നിർമ്മിക്കുന്നതിന് A2-3040/14, തി. 25.10.14 നമ്പർ പ്രകാരം പെർമിറ്റ് നൽകിയിരുന്നു. നിർമ്മാണം പൂർത്തിയാക്കി, 13.12.2017ലെ കംപ്ലീഷൻ പ്ലാനും ഫയർ & റസ്ക്യൂ വകുപ്പിൽ നിന്നും ഫൈനൽ എൻഒസി ലഭിക്കുന്നതിന് പ്ലാൻ അംഗീകരിക്കുന്നതിനുള്ള അപേക്ഷയും എ2-5618/17 തി. 22.12.17പ്രകാരം ലഭിച്ചിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം പ്ലാൻ അംഗീകരിച്ച് 08.07.18ന് ഫയർ & റസ്ക്യൂ വകുപ്പിന് സമർപ്പിക്കുകയും, ഡി1-5387//18, തീയതി 18.07.18 പ്രകാരം ഫയർ എൻഒസി ലഭിക്കുകയും ചെയ്തു. പെർമിറ്റിന്റെ സാധുത കാലയളവ് കഴിഞ്ഞതിനാൽ 24758/- രൂപ (രസീത് നം. 118030101467 തി. 31.07.18) ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കി 02.08.18ന് കെട്ടിടത്തിന് നമ്പറുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

ഇപ്രകാരം ക്രമവത്കരണം നടത്തി നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| വിസ്തൃതി | വാണിജ്യം 2046.94 | 2475.73 ച. മി. |
| | പാർപ്പിടം 428.79 | |
| പ്ലോട്ടിന്റെ വിസ്തൃതി | 990.98 ച.മീ. | |
| എഫ്എആർ വിസ്തൃതി | 1967.62 ച.മി. | |
| എഫ്എആർ | 1.99 | |
| കവറേജ് | 53.74% | |

ഒരു കെട്ടിടത്തിന്റെ ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെ ആയിരിക്കേണ്ടതാണ് [2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണം ചട്ടങ്ങളിലെ ചട്ടം 135(3)]. എന്നാൽ, മേൽ കെട്ടിടം ക്രമവത്കരിച്ച് നൽകിയപ്പോൾ അധിക എഫ്എആറിന് ഫീസ് ഈടാക്കിയിട്ടില്ല.

പ്ലോട്ടിന്റെ വിസ്തീർണ്ണം 0.5 ഹെക്ടർ വരെയാണെങ്കിൽ തറവിസ്തീർണ്ണാനുപാതം (FAR) കണക്കാക്കേണ്ടത് ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണത്തിന്റേതായിരിക്കും {2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണം ചട്ടങ്ങളിലെ ചട്ടം 35(iii)]. കേരള പഞ്ചായത്ത് കെട്ടിട

നിർമ്മാണം ചട്ടങ്ങളിലെ ചട്ടം 35 പട്ടിക 2 പ്രകാരം 300 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള പാർപ്പിട എ1 കെട്ടിടങ്ങൾക്ക് അധിക ഫീസ് ഇല്ലാതെ അനുവദനീയമായ എഫ്എആർ 1.75 ആണ്. അധിക തറവിസ്തീർണ്ണത്തിന്റെ ഓരോ ചതുരശ്ര മീറ്ററിനും 5000 രൂപ എന്ന തോതിൽ അധിക ഫീസോട് കൂടി 2.5 വരെ അനുവദിക്കാവുന്നതാണ്. ഇത് പ്രകാരം 990.98 ച.മീ. വിസ്തൃതിയുള്ള ടി പ്ലോട്ടിൽ അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന ആകെ തറവിസ്തീർണ്ണം 1734.22 ച.മീ. (990.98x1.75) മാത്രമാണ്. എഫ്എആർ കണക്കാക്കുമ്പോൾ അനുവദനീയമായ പരിധിയിലും 233.40 ച.മീ. (1967.62-1734.22) തറവിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന്റെ നിർമ്മാണം ക്രമവത്കരിച്ചപ്പോൾ അധികനിരക്കായി 1167000/- (233.40x5000) രൂപ ഈടാക്കേണ്ടതായിരുന്നു.

മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 9/16.12.19) പെർമിറ്റിന്റെ സാധുതാ കാലയളവ് 24.10.2017ന് അസാനിച്ചെങ്കിലും അനുവദിച്ച അതേ വിസ്തീർണ്ണത്തിലും, ഫ്ലോർ ഏരിയ റേഷ്യോയിലും തന്നെയാണ് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതെന്നും, അസി. എഞ്ചിനീയർ സ്ഥലപരിശോധന നടത്തി രേഖപ്പെടുത്തിയ റിപ്പോർട്ടിലും എഫ്എആർ പരിധി ലംഘിച്ചിട്ടുള്ളതായി പരാമർശിച്ചിരുന്നില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. മാത്രമല്ല 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണം ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം 50% ഫീസ് മാത്രം അടവാക്കി പെർമിറ്റിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകാൻ വ്യവസ്ഥയുണ്ടായിരുന്നു എന്നിരിക്കെ നിലവിവുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി തുക ഈടാക്കി ക്രമവത്കരണം നടത്തി കെട്ടിട നമ്പർ നൽകുകയാണ് ചെയ്തതെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ, കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ അനധികൃത നിർമ്മാണമായി കണക്കാക്കി ക്രമവത്കരണനടപടികൾ തന്നെയാണ് ചെയ്യേണ്ടത്. മാത്രമല്ല 25.10.2014ൽ പെർമിറ്റ് അനുവദിച്ചപ്പോഴും ചട്ടം 35 പട്ടിക 2 പ്രകാരം ആ കാലയളവിൽ നിലവിലുണ്ടായിരുന്ന ഫീസ് പ്രകാരം അധിക എഫ്എആറിന് ഫീസ് ചുമത്തേണ്ടിയിരുന്നതാണെങ്കിലും ആ കാലയളവിലെ ബന്ധപ്പെട്ട അക്കൗണ്ട്സ് രേഖകൾ പരിശോധിച്ചതിൽ ആയത് ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ആയതിനാൽ എഫ്എആർ അധികനിരക്കായ 11,67,000/- രൂപ ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നും ഈടാക്കി പ്രസ്തുത കെട്ടിട ക്രമവത്കരണം സാധൂകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 കിടാരി വിതരണം. അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം ,പേര് | എസ് 0114/18-19 കിടാരി വിതരണം. |
| ബിൽ നം, തീയതി, തുക | 03/18-19. 16.02.2019 – 261000/-<br>തനത് ഫണ്ട് 19000/- ചെക്ക് നം 0202049/05.04.19 |
| അടങ്കൽ, ഫണ്ട്,ചെലവ് | 261000/-, തനത് ഫണ്ട് 75000,<br>ഗുണഭോക്തൃവിഹിതം (നേരിട്ട ചെലവഴിക്കുന്നത്) 336000/-<br>വികസന ഫണ്ട് അടങ്കൽ 672000/- |
| നിർവ്വണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

2)

| | |
|---|---|
| പ്രോജക്ട് നം ,പേര് | എസ് 0129/18-19 കിടാരി വിതരണം.(എസ്.സി ) |
| ബിൽ നം, തീയതി, തുക | 04/18-19,16..02.19, 120000/-;<br>12000/-ചെക്ക് നം 0202049/05.04.19<br>ഗുണഭോക്തൃവിഹിതം (നേരിട്ട ചെലവഴിക്കുന്നത്) 44000/- |
| അടങ്കൽ, ഫണ്ട്,ചെലവ് | തനത് ഫണ്ട് 12000/-,<br>ഗുണഭോക്തൃവിഹിതം (നേരിട്ട ചെലവഴിക്കുന്നത്) 44000/-<br>എസ്.സി.പി. 120000/-, അടങ്കൽ – 176000/- |
| നിർവ്വണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

മേൽ പ്രോജക്ട് ഒന്ന് പ്രകാരം ജനറൽ വിഭാഗത്തിൽപ്പെട്ട 35 ഗുണഭോക്താക്കൾക്ക് 8 മാസം മുതൽ 1 വയസ്സ് വരെ പ്രായമുള്ള ഒരു കിടാരിക്ക് 16000/- രൂപ നിരക്കിൽ നല്കിയിട്ടുണ്ട്. കൂടാതെ രണ്ടാമത്തെ പ്രോജക്ട് പ്രകാരം എസ്.സി വിഭാഗത്തിൽപ്പെട്ട 11 ഗുണഭോക്താക്കൾക്ക് 8 മാസം മുതൽ ഒരു വയസ്സുവരെ പ്രായമുള്ള ഒരു കിടാരിക്ക് 16000/- രൂപ നിരക്കിലും നല്കിയിട്ടുണ്ട്. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെച്ചേർത്തിട്ടുള്ള അപാകതകൾ കണ്ടിരുന്നു. കിടാരി വിതരണം ചെയ്തിട്ടുള്ള കരാറുകാരനുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടതിന്റെ ഫയൽ ഓഡിറ്റിന് ഹാജരാക്കുവാനും, ഗുണഭോക്താക്കൾ കിടാരിയെ കൈപ്പറ്റിയതിന്റെ രേഖകളോ തെളിവോ ഹാജരാക്കുവാനും, പരമ്പരാഗത കന്നുകാലി വളർത്തുന്നവർക്കാണോ പദ്ധതിയിൽ ഉൾപ്പെടുത്തി കിടാരിയെ നല്കിയിട്ടുള്ളതെങ്കിൽ അവർ ക്ഷീരസംഘങ്ങളിൽ അംഗങ്ങളാണെന്ന് തെളിയിക്കുന്ന അംഗത്വ സർട്ടിഫിക്കറ്റ് ഓഡിറ്റിനായി ലഭ്യമാക്കുവാനും, നിർവ്വഹണോദ്യോഗസ്ഥൻ കൺവീനറായി, ഒരു ജനപ്രതിനിധിയെ ഉൾപ്പെടുത്തി 5 ഗുണഭോക്താക്കളും ഉൾപ്പെടുന്ന കമ്മറ്റിയായിരിക്കണം വാങ്ങൽ നടപടി ക്രമങ്ങൾ നടത്തേണ്ടതെന്നും ആയത് പാലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും ഓഡിറ്റിന് ഹാജരാക്കുവാനും,വിതരണ രജിസ്റ്റർ ഓഡിറ്റിനായി ഹാജരാക്കുവാനും,ആവശ്യപ്പെട്ട് 12.12.2019 ൽ നല്കിയ 1ാം ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ കേവലം വെള്ളപേപ്പറിൽ റവന്യൂ സ്റ്റാമ്പ് പതിപ്പിച്ച ഒരു കരാറാണ് ഹാജരാക്കിയത്. കൂടാതെ മേൽ പരാമർശിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള തെളിവ് ഹാജരാക്കാതെ നടപടി ക്രമങ്ങൾ

പാലിച്ചിട്ടുണ്ട് എന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയത്. ആയതിനാൽ മേൽ പ്രകാരമുള്ള ഓഡിറ്റ് തെളിവുകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 412000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

14.02.2018 തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ )നം 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 6.2 ഖണ്ഡികയിലെ എറ്റം 4 ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കിടാരികളുള്ള പരമാവധി സബ്സിഡി 10000/- രൂപയാണ്. എന്നാൽ ഇവിടെ 12000/- രൂപാവീതം നല്കിയിട്ടുണ്ട്. (11*12000=132000/-) ഈയിനത്തിൽ അധികമായി (11*2000=22000/-) 22000/- രൂപ വികസനഫണ്ടിൽ നിന്നും നല്കിയതിനും വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ടതിന് സബ്സിഡി മാർഗ്ഗരേഖയിലെ 6.2 ലെ 4 പ്രകാരമുള്ള 6-8 മാസം പ്രായമുള്ള കിടാരികൾക്കാണ് 10000/- രൂപ സബ്സിഡിയെന്നും പ്രോജക്ട് വഴി 18 മാസം പ്രായമായ കിടാരികളെയാണ് നല്കിയിട്ടുള്ളതുമെന്നാണ് മറുപടി നല്കിയിട്ടുള്ളത്. എന്നാൽ പ്രോജക്ട് പ്രകാരം 6-8 മാസം പ്രായമായ കിടാരികളെ വിതരണം ചെയ്യുന്നതിന് 10000/- രൂപയാണ് വികസന ഫണ്ട് വകയിരുത്തിയിരുന്നത്. ആയത് പ്രകാരം പരമാവധി 10000/- രൂപ മാത്രമേ നല്കുവാൻ കഴിയൂ. ആയതിനാൽ ഈയിനത്തിൽ അധികമായി (11*2000=22000/-) 22000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നോ, ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 06.06.2019 & 07.06.2019 | KSA-EKM (PG) 1227(60)/2019 dt. 19.08.2019 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ | 2018-19 | 300000 | 13/18-19 ശാരീരിക മാനസിക | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | 13/18-19 ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | 05/18-19 ചൂണ്ടി കാരിക്കാട്ടുമല റോഡ് റീടാറിംഗ് | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1190000 | 5/18-19, നെൽകൃഷിക്ക് നെൽവിത്ത് വിതരണവും കൂലിച്ചെലവ് സബ്സിഡിയും | 1190000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 600000 | 107/18-19 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 600000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | 81/18-19, ലൈഫ് ഭവനപദ്ധതി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | 81/18-19, ലൈഫ് ഭവനപദ്ധതി | 1000000 | 0 |

# 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ബിൽ/ ചെക്ക് നമ്പർ, തീയതി. | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കൊട്ടൂർ ഒമ്പലപ്പാടം കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ | 176000 | 66/18-19, 29.01.2019 | 0 | 176000 |
| കേരള വാട്ടർ അതോറിറ്റി | നമ്പൂതിരി റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 135000 | 66/18-19, 29.01.2019 | 0 | 135000 |
| കേരള വാട്ടർ അതോറിറ്റി | ഇലിയത്ത്കുടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 170000 | 72/18-19, 31.01.2019 | 0 | 170000 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ | 50000 | 28/18-19, 18.3.19 | 0 | 50000 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ | 114052 | 29/18-19, 26.3.19 | 0 | 114052 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ | 62552 | 26400544/ 30.10.18 | 0 | 62552 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ | 62198 | 26400533// | 0 | 62198 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

# 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 189740/- രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം, ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തിയതിയും |
|---|---|---|---|---|
| 2017-18 | 2-2 | 250 | അജിത്ത് വി. | 118030101472 / 01.08.2018 |
| 2017-18 | 2-2 | 100 | ലെനിൻ കെ. | 118030101293 / 16.07.2018 |
| 2017-18 | 2-2 | 800 | റോയി എം. ചാക്കോ | 118030102313 / 06.10.2018 |
| 2017-18 | 2-1 | 9104 | കെട്ടിട നമ്പർ 10/494 | 118030500267 / 06.02.2019 |
| 2017-18 | 2-1 | 8979 | കെട്ടിട നമ്പർ 5/451 ഇ | 118030500165 / 23.10.2018 |
| 2017-18 | 2-1 | 129665 | കെട്ടിട നമ്പർ 4/460 എച്ച് | 118030500260 / 12.12.2018 |
| 2017-18 | 2-1 | 10006 | കെട്ടിട നമ്പർ 5/3 എ | 118030500098 / 28.09.2018 |
| 2017-18 | 2-1 | 12327 | കെട്ടിട നമ്പർ 5/451 സി | 118030500097 / 28.09.2018 |
| 2017-18 | 2-1 | 10235 | കെട്ടിട നമ്പർ 5/31 ബി | 118030103858 / 22.12.2018 |
| 2017-18 | 2-1 | 8274 | കെട്ടിട നമ്പർ 4/70 എ | 118030103759 / 15.12.2018 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2(4)(എ) | 2014-15 | 2(4) | കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 17 പേരിൽ 5 പേർ തുക അടവാക്കിയിട്ടുണ്ട്. |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | ആകെ തിരിച്ചടച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | |
| 1 | 1998-99 | 29 | ബേബി കമലം | LF/16672/spl/cell/SC8/02 10.04.2013 | 16969 | -- | 16969 |
| 2 | 2001-2002 | 20 a, b | കെ.ആർ.രവി | LF/10380/Spl.Cell/SC1/05 11-11-05 | 234 | -- | 234 |
| 3 | ” | 21 a, b | ” | ” | 1770 | -- | 1770 |
| 4 | 2001-2002 | 22 | കെ.ആർ.രവി | LF/10380/Spl.Cell/SC1/05 11-11-05 | 1550 | -- | 1550 |
| 5 | ” | 24 | ” | ” | 1811 | -- | 1811 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 91455591 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85754895 |
| വരവിനങ്ങളിലുള്ള നഷ്ടം | 1167000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ | 22000 |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3858239 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 1167000 | | ദിപു ദിവാകരൻ, സെക്രട്ടറി |
| 3-1 | | 22000 | ഡോ. ആശാ പോൾ, വെറ്ററിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 24045 | ഡോ. എൻ.കെ.ഷാജി, വെറ്ററിനറി സർജൻ |
| 1-19(1) | 60230 | ദിപു ദിവാകരൻ, സെക്രട്ടറി |
| 1-19(2) | 1011606 | മധുസൂദനൻ സി.വി., ഹെഡ്മാസ്റ്റർ ഗവ. എൽ.പി.എസ്. |
| 1-19(3) | 414051 | ദിപു ദിവാകരൻ, സെക്രട്ടറി |
| 1-19(4) | 481000 | ജോസ് എം.പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | 666842 | ദിനേശ് റ്റി.എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | 788465 | ജോസ് എം.പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | 412000 | ഡോ. ആശാ പോൾ, വെറ്ററിനറി സർജൻ |
| ആകെ | 3858239 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| ദീപു ദിവാകരൻ, സെക്രട്ടറി | സെക്രട്ടറി, പൂത്തൃക്ക ഗ്രാമപഞ്ചായത്ത് | ചാപ്പരയിൽ, പാലക്കാമറ്റം,പൂത്തൃക്ക പി.ഒ, എറണാകുളം |
| മധുസൂദനൻ സി.വി., ഹെഡ്മാസ്റ്റർ ഗവ. എൽ.പി.എസ്. | ഹെഡ്മാസ്റ്റർ ഗവ. എൽ.പി.എസ്. | ചമോത്തിൽ പുത്തൻപുര ഹൌസ്, തമ്മണിമറ്റം, രാമമംഗലം പി.ഓ. |
| ഡോ. ആശാ പോൾ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വടവുകോട് -പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | എലൂർ പന്നിക്കുഴിയിൽ, കുമാരപുരം പി.ഓ., പള്ളിക്കര. |
| ജോസ് എം.പി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പൂത്തൃക്ക ഗ്രാമപഞ്ചായത്ത് | മറ്റപ്പിള്ളി ഹൌസ്, കരയാംപറമ്പ്, കറുകുറ്റി പി.ഓ., പിൻ – 683576. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18 , 20.07.2019 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18 , 20.07.2019 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18 , 20.07.2019 |
| 2001-02 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18 , 20.07.2019 |
| 2002-03 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18 , 20.07.2019 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18 , 20.07.2019 |
| 2004-05 | എൽ.എഫ്.ഇ.(പി1)1878/07, 29.4.08 |
| 2005-06 | എൽ.എഫ്.ഇ.(പി1)1344/10, 3.11.11 |
| 2006-07 | എൽ.എഫ്.ഇ.(പി1)1345/10, 3.11.11 |
| 2007-08 | എൽ.എഫ്.ഇ.(പി1) 1346/10 , 03.11.11 |
| 2008-09, 2009-10 & 2010-11 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18 , 20.07.2019 |
| 2011-12 | എൽ.എഫ്.ഇ.(പി1)157/14 , 02.05.14 |
| 2012-13 | എൽ.എഫ്.ഇ.(പി1)386/15 , 10.04.15 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി1)1784/15 , 30.11.15 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി1)45/17 , 25.01.17 |
| | |

| | |
|---|---|
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി1)1272 /17, 16.05.18 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി1)1625 /18, 13.09.18 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ്കാര്യാലയം എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

## ന്യൂനതകളുടെ സംഗ്രഹം

1. ഭൂമി, വാഹനം എന്നിവ ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. വസ്തു നികുതി സംബന്ധിച്ച് 2018-19 വാർഷിക ധനകാര്യ പത്രികയിലെ തുകകൾ 2017-18 AFS ലെ അഡ്വാൻസ്, അരിയർ എന്നീ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I – 18 ഷെഡ്യൂളിൽ prior period income ഇനത്തിൽ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഇനത്തിൽ 40615/- രൂപയും, നോൺ റെസിഡെൻഷ്യൽ ബിൽഡിങ്ങ് വസ്തു നികുതി ഇനത്തിൽ 55442/- രൂപയും ചെലവായി രേഖപ്പെടുത്തി എഴുതിത്തള്ളിയിട്ടുണ്ട്. എന്നാൽ ഇതിനാസ്പദമായ കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Poothrikka Grama Panchayat for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of Poothrikka Grama Panchayat for the year 2018-19, subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
ERNAKULAM

## Annexure

### Abstrct of Defects / Discripancies.

1. Assets including land and vehicles have not been fully accounted and included in the Asset register and reconciled with the Annual Financial Statement.
2. The figures shown in the AFS in respect of Property Tax do not tally with the figures in Sanchaya software.
3. The figures in respect of Property Tax in the AFS do not tally with the amounts shown as

advance/arrear in the AFS for the year 2017-18.

4. In the I-18 schedule, an amount of ₹40615/- in respect of Property Tax of residential buildings and ₹55442/- in respect of Property Tax of non-residential buildings was shown as expenditure under prior period income. No committee resolution was produced for verification.

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
ERNAKULAM.